പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3391 29.01.2014-ൽ മറുപടിക്ക്

സംയോജിത കന്നുകാലി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്:<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.റ്റി.എൻ.പ്രതാപൻ:<br>ശ്രീ.വി.റ്റി.ബൽറാം: | ശ്രീ.കെ.പി.മോഹനൻ<br>(ബഹു.കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഈ സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ 2011-12 വർഷത്തിൽ സംയോജിത കന്നുകാലി വികസന പദ്ധതി (ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ഫോർ ലൈവ്ലിഹുഡ് സപ്പോർട്ട്) നടപ്പിലാക്കിയിരുന്നു. 10 കോടി രൂപയാണ് അനുവദിച്ചിരുന്നത്. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പശു, രണ്ട് പെൺ ആടുകൾ, 10 കോഴികൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുകയും, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) 1) ജീവനോപാധിയും, ഭക്ഷ്യസുരക്ഷയും ഉറപ്പു വരുത്തുന്നതിനായി പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക.<br>2, ഉപവരുമാനം വർദ്ധിപ്പിക്കുന്നതിനായി ആടുകളെ വിതരണം ചെയ്യുക.<br>3, പിന്നാമ്പുറ കോഴിവളർത്തലിലൂടെ വരുമാനം വർദ്ധിപ്പിക്കുവാൻ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.<br>4. പാലുല്പാദന ചെലവ് കുറയ്ക്കുന്നതിന് വേണ്ടി പുല്ലുൽപ്പാദനം വർദ്ധിപ്പിക്കുക. |

(സി) കർഷകർക്ക് എത്ര ശതമാനം സബ്സിഡിയാണ് പദ്ധതി പ്രകാരം വിതരണം ചെയ്യുന്നത്; വിശദമാക്കുമോ;

(സി) 50% സബ്സിഡിയാണ് വിതരണം ചെയ്തത്.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(ഡി) പദ്ധതി പ്രകാരം എല്ലാ ജില്ലകളിലുമായി 3996 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഒരു ഗുണഭോക്താവിന് ഒരു ഗർഭിണി പശു, രണ്ട് പെൺ ആടുകൾ, 10 കോഴികൾ എന്നിവ വാങ്ങുന്നതിന് 25,000 രൂപ സബ്സിഡി നൽകി. പഞ്ചായത്തുതല മൃഗാശുപത്രിയിലെ വെറ്ററിനറി സർജന്റെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.

സെക്ഷൻ ഓഫീസർ